## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2704 — 19/02/2016 ൽ മറുപടിയ്ക്ക്

### കൊണ്ടോട്ടി താലൂക്ക് ഓഫീസിന്റെ ശോചനീയാവസ്ഥ

| ചോദ്യം<br>ശ്രീ.കെ. മുഹമ്മദുണ്ണി ഹാജി | മറുപടി<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കൊണ്ടോട്ടി താലൂക്ക് ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടം മതിയായ സൗകര്യമില്ലാത്തതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. നിലവിൽ കൊണ്ടോട്ടി താലൂക്ക് ഓഫീസ് പ്രവർത്തിക്കുന്ന വാടകക്കെട്ടിടം കടമുറികൾക്കുവേണ്ടി നിർമ്മിച്ചവയായതിനാൽ താലൂക്ക് ഓഫീസ് പ്രവർത്തനത്തിന് ആവശ്യമായ യാതൊരു അടിസ്ഥാന സൗകര്യങ്ങളും ഇല്ലാത്തതാണ്. |
| (ബി) മിനിസിവിൽ സ്റ്റേഷൻ പണിയുന്നതിനുവേണ്ടി എം.എൽ.എ ആസ്തി ഫണ്ടിൽ നിന്നും തുക അനുവദിച്ച് ഭരണാനുമതിയായിട്ടും കെട്ടിടം നിർമ്മിക്കുന്നതിന് തടസ്സമായിട്ടുള്ളത് പഞ്ചായത്ത് നൽകിയ സ്ഥലത്തിന്റെ തരം മാറ്റാത്തതാണ് എന്നത് ശ്രദ്ധയിൽ വന്നിട്ടുണ്ടോ; | (ബി) ഉണ്ട്. വില്ലേജ് റിക്കാർഡ് പ്രകാരം പ്രസ്തുത ഭൂമി നിലം വിഭാഗത്തിൽ ഉൾപ്പെടുന്നതാണ്. പൊതു കാര്യത്തിനുള്ള തരം മാറ്റം സംസ്ഥാന നിരീക്ഷണ സമിതി തടഞ്ഞിട്ടുണ്ട്. പകരം സംവിധാനം കണ്ടെത്താനാവാത്ത സാഹചര്യവും നിലനിൽക്കുന്നു. |
| (സി) പ്രസ്തുത ആവശ്യത്തിനായി സംസ്ഥാന സമിതി യോഗത്തിൽ തീരുമാനം എടുത്ത ഫയലിന്മേൽ വേഗത്തിൽ തീർപ്പു കൽപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) കൊണ്ടോട്ടി-നെടിയിരുപ്പ് പഞ്ചായത്തുകൾ ചേർന്ന് രൂപീകരിക്കപ്പെട്ട കൊണ്ടോട്ടി മുനിസിപ്പാലിറ്റി പഞ്ചായത്ത് കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചപ്പോൾ ഒഴിവ് വന്ന നെടിയിരുപ്പ് പഞ്ചായത്ത് കെട്ടിടം കൊണ്ടോട്ടി താലൂക്ക് ഓഫീസിനുവേണ്ടി നിർദ്ദേശിച്ചിരുന്നുവെങ്കിലും നഗരസഭാ അധികൃതർ അനുകൂല നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. |
| (ഡി) അനുയോജ്യമായ പൊതു സ്ഥലം മറ്റിടങ്ങളിൽ ഉണ്ടെങ്കിൽ അവിടെ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) അനുയോജ്യമായ പൊതുസ്ഥലം കണ്ടെത്തി ജില്ലാ കളക്ടർ ശുപാർശ സമർപ്പിക്കുന്ന മുറയ്ക്ക് ഈ വിഷയം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ